# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

Rev. Dr. Bressan Ozhungalil
Chairman
E-Mail:frbressanj@gmail.com
Mob: 9495080049

Chaithanya Pastoral Centre
Thellakom P.O., Kottayam- 686 630
Phone : 0481 - 2791098
E-Mail:catechismktm@gmail.com


## STD III

പാഠം 7

## കല്പനകൾ: ജീവന്റെ വഴികൾ

ഭാഗം 2

1. ജീവനിലേക്കുള്ള വഴികൾ ഏവ?
A. വിശ്വാസപ്രമാണം
B. സഹോദരസ്നേഹം
C. ദൈവകല്പനകൾ
D. ദൈവസ്നേഹം

2. പത്തു കല്പനകൾ രണ്ടു കല്പനകളിൽ സംഗ്രഹിച്ചിരിക്കുന്നു. അവ ഏതെല്ലാം?
A. ദൈവത്തിന്റെ നാമം വ്യർഥാ പ്രയോഗിക്കരുത്, കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.
B. വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്.
C. മാതാപിതാക്കളെ ബഹുമാനിക്കണം, കൊല്ലരുത്.
D. എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം, തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണം.

3. പത്തു കല്പനകളിൽ നാലാമത്തെ കല്പന ഏതാണ്?
A. മോഷ്ടിക്കരുത്
B. മാതാപിതാക്കളെ ബഹുമാനിക്കണം
C. കൊല്ലരുത്
D. കള്ളസാക്ഷി പറയരുത്

4. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം എന്നത് എത്രാമത്തെ കല്പനയാണ്?
A. 3
B. 5
C. 9
D. 2

5. നമ്മുടെ ജീവിതത്തിൽ ചെയ്യേണ്ട കാര്യങ്ങളും ചെയ്യരുതാത്ത കാര്യങ്ങളും ഏവയെന്ന് നമ്മെ പഠിപ്പിക്കുന്നതെന്താണ്?
A. സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന
B. തിരുസഭയുടെ കല്പനകൾ
C. വിശ്വാസപ്രമാണം
D. ദൈവകല്പനകൾ

# STD III

### പാഠം 7

## കല്പനകൾ: ജീവന്റെ വഴികൾ

### ഭാഗം 2

6. പത്തു കല്പനകളിൽ പെടാത്തത് ഏതാണ്?
A. എല്ലാ ദിവസവും ജോലി ചെയ്യണം
B. ദൈവത്തിന്റെ നാമം വ്യഥാ പ്രയോഗിക്കരുത്
C. അന്യന്റെ വസ്തുക്കൾ മോഹിക്കരുത്
D. കള്ളസാക്ഷി പറയരുത്

7. ദൈവീകജീവനിൽ വളരുവാൻ നമുക്ക് സാധിക്കുന്നത് എപ്പോൾ?
A. ദൈവകല്പനകൾ പാലിച്ചുകൊണ്ട് നാം ജീവിക്കുമ്പോൾ
B. നല്ല ജോലി കിട്ടുമ്പോൾ
C. കമ്പ്യൂട്ടറിൽ കളിക്കുമ്പോൾ
D. കൂടുതൽ പണം നേടി കഴിയുമ്പോൾ

8. നിന്റെ ദൈവമായ കർത്താവു തരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിനു എന്ത് ചെയ്യാനാണ് ദൈവം കല്പിച്ചത്?
A. കൂട്ടുകാരെ സ്നേഹിക്കുക
B. അയൽക്കാരെ ബഹുമാനിക്കുക
C. കൂടുതൽ സമ്പത്ത് നേടുക
D. മാതാപിതാക്കളെ ബഹുമാനിക്കുക

9. എത്ര ദിവസം അധ്വാനിക്കാനും, എല്ലാ ജോലികളും ചെയ്യാനുമാണ് ദൈവം കല്പിച്ചത്?
A. 5
B. 6
C. 7
D. 8

10. എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് എന്ത് ചെയ്യും എന്നാണ് ദൈവം അരുളിച്ചെയ്തത്?
A. സമ്പത്ത് നൽകും
B. നന്മകൾ നൽകും
C. അനുഗ്രഹിക്കും
D. ആയിരം തലമുറകൾ വരെ കരുണകാണിക്കും